(സി) തോട്ടഭൂമിയുടെ അഞ്ച് ശതമാനം ഭൂമി തോട്ടമിതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല.

(ഡി) തോട്ടഭൂമി ഇതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നു. ആയതിനാൽ ഇപ്രകാരമുള്ള അപേക്ഷകൾ ഇതുവരെയും സർക്കാരിന് ലഭിക്കുകയോ അനുമതി നൽകുകയോ ചെയ്തിട്ടില്ല.

റീ-സർവ്വേ രജിസ്റ്ററുകളുടെ ലഭ്യത ഉറപ്പുവരുത്താൻ നടപടി

22(2868) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1928-ലെ റീ-സർവ്വേക്ക് ശേഷമുള്ള 'എ' രജിസ്റ്ററും അതിന്റെ അപ്പെന്റിക്സും താനൂർ വില്ലേജ് ഓഫീസിൽ ലഭ്യമല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത രേഖകൾ ബന്ധപ്പെട്ട താലൂക്ക് ഓഫീസിലോ, ലാന്റ് ബോർഡിലോ ലഭ്യമാണോ ;

(സി) നിർബന്ധമായും വില്ലേജ് ഓഫീസിൽ ഉണ്ടായിരിക്കേണ്ട രേഖയായതിനാൽ അവ താനൂർ വില്ലേജിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1928-ലെ റീ-സർവ്വേക്ക് ശേഷമുള്ള 'എ' രജിസ്റ്ററും അതിന്റെ അപ്പെന്റിക്സും താനൂർ വില്ലേജ് ഓഫീസിൽ ലഭ്യമാണ്.

(ബി) ലഭ്യമല്ല.

(സി) എ പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

മരുതോങ്കര വില്ലേജിൽ റീ-സർവ്വേയിലെ അപാകതകൾ

23(4400) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം മണ്ഡലത്തിൽപ്പെട്ട മരുതോങ്കര വില്ലേജിൽ റീസർവ്വേയിലെ അപാകതകൾ സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(ബി) ശ്രീ. രമേശൻ പറമ്പാട്ട് നൽകിയ പരാതിയിൻമേൽ നാളിതുവരെ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly